SATURDAY 28-05-2022 ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram – 695003,**

**Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-28/05/2022.

1. പി.എം കിസാൻ പദ്ധതി ഗുണഭോക്താക്കളായിട്ടുള്ള കർഷകർ അവരുടെ ഭൂമി സംബന്ധമായ വിവരങ്ങൾ AIMS പോർട്ടലിൽ വ്യക്തിഗതമായി ചേർക്കേണ്ടതാണ്. കർഷകർ വസ്തുവിന്റെ കോപ്പി, മൊബൈൽ ഫോൺ എന്നിവയുമായി അടുത്തുള്ള അക്ഷയകേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ എന്നിവ മുഖേന ഭൂമി സംബന്ധമായ വിവരങ്ങൾ ഈ മാസം 31-നകം (മേയ് 31) ചേർക്കേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുന്നതിന് ഇത് ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. സിറ്റി കോർപ്പറേഷൻ കൃഷിഭവൻ പരിധിയിലെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത പി. എം കിസാൻ ഗുണഭോക്താക്കളായ കർഷകർ ഭൂമി സംബന്ധിച്ച വിവരങ്ങൾ ലാൻഡ് വെരിഫിക്കേഷനു വേണ്ടി പാളയം സാഫല്യം കോപ്ലക്സിലെ സിറ്റി കോർപ്പറേഷൻ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2320942** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കേരള വെറ്ററിനറി സർവകലാശാലക്ക് കീഴിൽ മണ്ണുത്തി യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാമിൽ **സങ്കരയിനം തീറ്റപ്പുൽ നടീൽ വസ്തുക്കൾ** വില്പനക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി **9656090440, 7994996019, 0487 – 2370302** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് അനിമൽ ഐഡന്റിഫിക്കേഷൻ ട്രേസബിലിറ്റി സംവിധാനത്തിലൂടെ വളർത്തു മൃഗങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ അനിമൽ ഡാറ്റാബേസ് ശേഖരിക്കാൻ മൃഗസംരക്ഷണ വകുപ്പ് തുടക്കം കുറിക്കുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന ഡാറ്റ ഡാറ്റ അനലിറ്റിക്സ്, ബ്രീഡിംഗ് മാനേജ്മെന്റ്, പെഡിഗ്രി റെക്കോർഡ് സൃഷ്ടിക്കൽ, രോഗനിരീക്ഷണം, ഇ-വെറ്ററിനറി സർവ്വീസ്, ഇൻഷൂറൻസ് അധിഷ്ഠിത സേവനങ്ങൾ, ഭാവി പ്രവർത്തനങ്ങളുടെ ആസൂത്രണം എന്നിവയ്ക്കായി ഉപയോഗിക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തുടനീളമുള്ള കൃഷിക്കാരുടെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങളും, വളർത്തു മൃഗങ്ങളുടെ വിവരങ്ങളും ശേഖരിക്കുകയും, മൃഗങ്ങളെ തിരിച്ചറിയുന്നതിനായി ആർ എഫ് ഐഡി (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ) അഥവാ മൈക്രോചിപ്പ് അധിഷ്ഠിത ടാഗിങ്ങും, ജിഐഎസ് മാപ്പിംഗും വിഭാവനം ചെയ്യുന്നതാണ് Animal Traceability and Health Management System. കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി **ഇ-സമൃദ്ധ** എന്ന പേരിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മൃഗങ്ങളുടെ തൊലിക്കടിയിൽ നിക്ഷേപിക്കാവുന്നതും റിയാക്ഷൻ ഉണ്ടാക്കാത്തതുമാണ് മൈക്രോചിപ്പ്. ഒരു ദിവസം പ്രായമുള്ള മൃഗങ്ങളിലും മൈക്രോചിപ്പ് ഘടിപ്പിക്കാവുന്നതാണ്. മൈക്രോചിപ്പ് റീഡർ ഉപയോഗിച്ച് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ള തിരിച്ചറിയൽ നമ്പർ മനസ്സിലാക്കാവുന്നതാണ്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 30-ന് (മേയ് 30) രാവിലെ 10.30 ന് പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ എജിറ്റി ആഡിറ്റോറിയത്തിൽ വച്ച് കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിന്റെ സാന്നിധ്യത്തിലും ആരോഗ്യ കുടുംബക്ഷേമ വനിത ശിശു വികസന വകുപ്പു മന്ത്രി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിലും കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

5. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും രണ്ട് മാസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 140 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

6. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നിന്നും 2022 വർഷത്തെ പാൽ കാർഡ് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ഈ മാസം 31 (മേയ് 31) വരെ ഫാം ഓഫീസിൽ നിന്നും രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 വരെ നൽകുന്നതാണ്. ആവശ്യമുള്ളവർ റേഷൻ കാർഡുമായി നേരിട്ട് ഓഫീസിൽ എത്തണമെന്ന് തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ട് അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

7. പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഈ മാസം 31-ന് (31.05.2022) **"പഴം, പച്ചക്കറി എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ"** എന്ന വിഷയത്തിൽ ഒരു പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ **6282937809, 0466 2912008** എന്നീ ഫോൺ നമ്പറിൽബന്ധപ്പെടുക

8. റബ്ബർബോർഡ് **തേനീച്ചവളർത്തലിൽ** ജൂൺ 01-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലും **04812351313** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

9. 1:1:1 മീറ്റർ വലിപ്പമുള്ള കുഴിയാണ് തെങ്ങിൻതൈ നാടാൻ എടുക്കേണ്ടത്. ഭൂനിരപ്പിൽ നിന്നും 60 സെ.മീ താഴെവരെ മേൽമണ്ണ് കൊണ്ട് കുഴിനികത്തണം. ചെമ്മണ്ണ് നിറഞ്ഞ പ്രദേശത്തു കുഴിയൊന്നിന് 2 കിലോ കറിയുപ്പ് ചേർക്കുന്നത് മണ്ണിന്റെ ഗുണമേന്മ വർധിപ്പിക്കാൻ സഹായിക്കും. ജൈവവളം 25 കിലോ തെങ്ങൊന്നിന് എന്ന ക്രമത്തിൽ നടീൽ സമയത്തു ചേർക്കണം. താഴ്ന്നപ്രദേശങ്ങളിൽ ചെറിയകുഴികൾ എടുത്ത് തൈ വളരുന്നതിനനുസരിച്ചു പൂഴിയും മണ്ണും ഇട്ട് തൈയുടെ കട നികത്തി ഭൂനിരപ്പു ഉയർത്തി കൊണ്ടുവരണം. രണ്ടു വരി ചകിരി കുഴിയിൽ നിരത്തുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കും. ചകിരി തൊണ്ടിന്റെ വളഞ്ഞു കുഴിഞ്ഞ ഭാഗം കമഴ്ത്തിയാണ് വയ്ക്കേണ്ടത്. നടീൽരീതി അനുസരിച്ചു തെങ്ങുകൾ തമ്മിലുള്ള അകലം 7.5 മീറ്റർ മുതൽ 9 മീറ്റർ വരെ ക്രമീകരിക്കാം. ഒരു ഏക്കറിൽ ഏകദേശം 70 തെങ്ങുകൾ നിലനിർത്താവുന്നതാണ്. മണ്ണിൽ ഈർപ്പം ഉള്ളപ്പോൾ മാത്രമേ വളപ്രയോഗം നടത്താവൂ. കനത്തമഴയും വരണ്ട കാലാവസ്ഥയും വളം ചേർക്കാൻ ഒട്ടും അനുയോജ്യമല്ല. തെങ്ങിന് ചുറ്റും ചുവട്ടിൽ നിന്നും 2 മീറ്റർ വീതിയിൽ തടംതുറന്നുവേണം വളപ്രയോഗം നടത്താൻ. പ്രധാനമായും അമ്ലാംശം കൂടുതലുള്ള മണ്ണിൽ രാസവളങ്ങൾക്കു പുറമെ പ്രതിവർഷം തെങ്ങൊന്നിന് ഒരു കിലോഗ്രാം കുമ്മായമോ ഡോളോമൈറ്റോ ഏപ്രിൽ- മെയ് മാസങ്ങളിൽ രാസവളപ്രയോഗത്തിനു മുമ്പ് തടങ്ങളിൽ വിതറി ചേർക്കണം. രണ്ടാഴ്ച കഴിഞ്ഞു തെങ്ങൊന്നിന് 25 കിലോ ജൈവവളവും 5 കിലോ വേപ്പിൻപിണ്ണാക്കും നൽകണം. ജൈവവളമായി പയർവിത്തുകൾ തെങ്ങൊന്നിന് 100 ഗ്രാം എന്ന കണക്കിൽ ഈ സമയത്ത് തടത്തിൽ വിതറിക്കൊടുക്കാവുന്നതാണ്. ശേഷം പൂവിട്ടു തുടങ്ങുമ്പോൾ ഓഗസ്റ്റ് - സെപ്റ്റംബർ മാസത്തിൽ ഇവ

മൂടോടെ പിഴുത് തടത്തിൽ തന്നെ മണ്ണുമായി ചേർത്ത് ഇളക്കി തടംമൂടുകയും ചെയ്യണം. പ്രായമേറിയ തെങ്ങുകൾക്കു രാസവളത്തിന്റെ മൂന്നിൽ ഒരു ഭാഗമായ 400 ഗ്രാം യൂറിയ 600 ഗ്രാം റോക്ഫോസ്ഫേറ്റ് 700 ഗ്രാം മ്യുറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ മെയ്-ജൂൺ മാസത്തിലും മൂന്നിൽ രണ്ടുഭാഗം സെപ്റ്റംബർ-ഒക്ടോബർ മാസത്തിലും കൊടുക്കാം. തെങ്ങിന്റെ വളപ്രയോഗം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പാലക്കാട്, മേലെപട്ടാമ്പിയിലുള്ള കൃഷി വിജ്ഞാനകേന്ദ്രവുമായി നേരിട്ടോ, **0466–2212279** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം